LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം. മാണിക്കെതിരെ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. ശ്രീ. കെ. ബാബുവിനെതിരെ പ്രസ്താവിച്ച കാര്യത്തിൽ അന്വേഷണം നടന്നുവരികയാണ്. ടി കാര്യങ്ങൾ കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആകയാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഡി) കോടതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഇ) ടി വിഷയത്തിൽ റെയ്ഡുകൾ ഒന്നും നടത്തിയിട്ടില്ല.

ബാർ കോഴ അന്വേഷണം

189 (193) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ അന്വേഷണം നടത്തുന്ന വിജിലൻസ് വിഭാഗം, മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും ബാറുടമകൾ കോടികൾ നൽകിയതായി പറയപ്പെടുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയതായ ബാർ ഹോട്ടൽസ് ഓണേഴ്സ് അസോസിയേഷന്റെ കണക്ക് പുസ്തകം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ബാറുടമയിൽനിന്നും പിരിച്ചെടുത്ത പണം ആർക്കെല്ലാം എവിടെയെല്ലാം വെച്ച് നൽകുകയുണ്ടായിട്ടുണ്ടെന്നതിനുള്ള തെളിവുകൾ പ്രസ്തുത കണക്കുപുസ്തകത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണെന്ന് ബിജുരമേശിന്റെ മൊഴി ഉണ്ടായിരുന്നുവോ ;

(സി) എങ്കിൽ പ്രസ്തുത കണക്ക് പുസ്തകം കസ്റ്റഡിയിൽ എടുക്കുന്നതിനും പരിശോധിക്കുന്നതിനും തയ്യാറാകാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&സി) ബാർ കോഴയുമായി ബന്ധപ്പെട്ട പണമിടപാടുകളെപ്പറ്റിയുള്ള വിജിലൻസ് കേസ് അന്വേഷണം പുരോഗതിയിലാണ്. അതിനാൽ പ്രസ്തുത അന്വേഷണത്തെ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

പുതിയ പോലീസ് സ്റ്റേഷനുകൾ

190 (194) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാൻ തീരുമാനമെടുത്തിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ഇതിനായി മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഏതുവിധമാണെന്ന് വ്യക്തമാക്കാമോ ;

(സി) നഗരൂരിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ഒരു മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലെ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ പരിഷ്കാര വകുപ്പ് ഒരു പഠനം നടത്തിവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം അതിന്റെ അടിസ്ഥാനത്തിൽ നഗരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ

191 (195) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പോലീസ് സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ;

(സി) ഏതെങ്കിലും തരത്തിലുള്ള പഠനത്തിന്റെ അടിസ്ഥാനത്തിലാണോ മാനദണ്ഡങ്ങൾ തയ്യാറാക്കിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ പഠനങ്ങൾ നടന്നുകഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും, അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതുമായ പ്രവർത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആകയാൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത് തികച്ചും അടിയന്തരമായ സാഹചര്യങ്ങളിൽ മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly